# സെൻ്റ്പീറ്റേഴ്സ് സി എച്ച് എസ് ഹൈസ്കൂൾ കൂക്കംപാളയം

ലിററിൽ കൈററ്സ് പ്രിലിമിനറി ക്യാമ്പ്2025-2028 ബുളളററിൻ

2025 സെപ്റ്റംബർ 25 വ്യാഴാഴ്ച

കൂക്കും പാളയം 25/09/2025 സെൻ്റ്പീറ്റേഴ്സ് ഹൈസ്കൂളിൽ 2025 -2028 ലിറ്റിൽ കൈറ്റ്സ് ബാച്ചിനായുള്ള പ്രിലിമിനറി ക്യാമ്പ് നടന്നു .രാവിലെ 9 .30 നോടുകൂടി ക്യാമ്പ് ആരംഭിച്ചു .കൈറ്റ് മിസ്ട്രസ് മെറീന ടീച്ചർ ക്യാമ്പിന് സ്വാഗതം പറഞ്ഞു. കൈറ്റ് മാസ്റ്റർ ഡോക്ടർ അബ്ദുൾ ലത്തീഫ് സർ ക്യാമ്പ് നയിച്ചു .സ്ക്രാച്ച് പ്രോഗ്രാമിങ്ങിലൂടെ വിദ്യാർഥികളെ റോബോട്ടിക്സ് , ഈ കോമേഴ്സ് ,എ ഐ ,ജിപിഎസ് ,വി ആർ എന്നിങ്ങനെ 5 ഗ്രൂപ്പുകൾ ആയി തിരിച്ചു .ലിറ്റിൽ കൈറ്റ്സ് പ്രസ്ഥാനത്തെക്കുറിച്ച് സർ കുട്ടികൾക്ക് വ്യക്തമായ അറിവ് നൽകി .വീഡിയോ പ്രദർശിപ്പിച്ചു .ക്വിസ് മത്സരം നടത്തി .picto blockസോഫ്റ്റ്‌വെയറിലൂടെ നിർമ്മിച്ച ഒരു ഗെയിം കുട്ടികളെ പരിചയപ്പെടുത്തി. ഗെയിം ഉണ്ടാക്കുന്ന വിധം പരിശീലിപ്പിച്ചു .ഓപ്പൺ ടൂൾസ് സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തി. ആനിമേഷൻ വീഡിയോ നിർമ്മിക്കാൻ പ്രാപ്തരാക്കി .9 ,10 ക്ലാസിലെ ലിറ്റിൽ കൈറ്റ് കുട്ടികൾ തയ്യാറാക്കിയ പ്രവർത്തന ഡയറി പ്രകാശനം ചെയ്തു .









കുട്ടികൾ തയ്യറാക്കിയ dancing led,automatic waste basketസർ കുട്ടികൾക്ക് മുൻപിൽ പ്രദർശിപ്പിച്ചു.ക്യാമ്പിന്റെ അവസാനം റോബോട്ടിക്സ് പരിശീലനം നൽകി .3. 10 നോടുകൂടി ക്യാമ്പ് അവസാനിച്ചു .ക്രിസ്പിൻ ജേക്കബ് നന്ദി അറിയിച്ചു . 3 .15 ന് രക്ഷിതാക്കളുടെ യോഗം ചേർന്നു .26 രക്ഷിതാക്കൾ പങ്കെടുത്തു. ലത്തീഫ് സർ ലിറ്റിൽ ലിറ്റിൽ കൈറ്റ് പ്രസ്ഥാനത്തെക്കുറിച്ച് വിശദീകരിച്ച് നൽകി . കൈററ് മിസ്ട്രസ് സോഫി ടീച്ചർ നന്ദി അറിയിച്ചു.

